**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3363** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ ലൈബ്രറി സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ആവശ്യമായ രീതിയിൽ ലൈബ്രറി സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പൊതുവിദ്യാലയങ്ങളിൽ ലൈബ്രറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ പുസ്തക വിതരണം നടത്തുന്നതിനായി വായനയുടെ വസന്തം എന്ന പദ്ധതി വകുപ്പിൽ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിവിധ കാലയളവുകളിൽ സ്കൂളുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഒന്നു മുതൽ പത്തു വരെയുള്ള സ്കൂളുകൾക്ക് കെ.ഇ.ആർ പ്രകാരം ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടില്ല. സ്കൂളിലെ ഒരു അധ്യാപികക്ക്/ അധ്യാപകന് ലൈബ്രറിയുടെ ചുമതല നൽകുകയാണ് നിലവിൽ ചെയ്തു വരുന്നത്. |
| (ബി) | എങ്കിൽ ലൈബ്രറികൾ പ്രവർത്തിപ്പിക്കുന്നതിന് പൊതുവിദ്യാലയങ്ങളിൽ ലൈബ്രേറിയൻ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് വകുപ്പ് കൈക്കൊണ്ട തീരുമാനം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പൊതുവിദ്യാലയങ്ങളിൽ ലൈബ്രറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ പുസ്തക വിതരണം നടത്തുന്നതിനായി വായനയുടെ വസന്തം എന്ന പദ്ധതി വകുപ്പിൽ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിവിധ കാലയളവുകളിൽ സ്കൂളുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഒന്നു മുതൽ പത്തു വരെയുള്ള സ്കൂളുകൾക്ക് കെ.ഇ.ആർ പ്രകാരം ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടില്ല. സ്കൂളിലെ ഒരു അധ്യാപികക്ക്/ അധ്യാപകന് ലൈബ്രറിയുടെ ചുമതല നൽകുകയാണ് നിലവിൽ ചെയ്തു വരുന്നത്. |
| (സി) | കേരള വിദ്യാഭ്യാസ ചട്ട പ്രകാരം പൊതുവിദ്യാലയങ്ങളിൽ ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി "ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും" എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിക്കുകയും പുസ്തകങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളിൽ വായനാശീലം പോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | "വായനയുടെ വസന്തം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുകയും ഗവ.എച്ച്.എസ്, യു.പി, എയ്ഡഡ് എച്ച്.എസ്, യു.പി സ്കൂളുകൾക്ക് വിവിധ കാലയളവുകളിൽ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ടി വർഷങ്ങളിൽ വൻതോതിൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്ത 203 സർക്കാർ സ്കൂളുകളിൽ ബുക്ക് റാക്കും വിതരണം ചെയ്തിട്ടുണ്ട്. 2024-2025 വർഷം 30 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളതും പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി തുക വിനിയോഗിച്ച് സംസ്ഥാനത്തെ തിരഞ്ഞെടുത്ത 10 സ്കൂൾ ലൈബ്രറികൾ നവീകരിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ